ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:24-01-2025**

## പ്രധാനവാർത്തകൾ

1. വയനാട് പഞ്ചാരക്കൊല്ലിയിൽ കടുവാ ആക്രമണത്തിൽ ഒരു സ്ത്രീ കൊലപ്പെട്ടു. കടുവയെ പിടികൂടാൻ നടപടി ആരംഭിച്ചെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ. പ്രദേശത്ത് നിരോധനാജ്ഞ പ്രഖ്യാപിച്ചു.
2. പാർശ്വവത്കരിക്കപ്പെട്ടവർക്ക് ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കുകയാണ് കേന്ദ്ര സർക്കാരിൻ്റെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി. ഭരണഘടന അഭിമാന ദിനം സെമിനാർ കേന്ദ്രമന്ത്രി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.
3. വരും തലമുറയ്ക്ക് പ്രചോദനമാണ് യുദ്ധസ്മാരകങ്ങളെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കോഴിക്കോട് പുത്തഞ്ചേരിയിൽ നിർമിച്ച യുദ്ധസ്മാരക മന്ദിരം കേന്ദ്രമന്ത്രി നാടിന് സമർപ്പിച്ചു.
4. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ, സംസ്ഥാനത്ത് അൻപതിനായിരം കോടി രൂപയുടെ നിക്ഷേപം നടന്നതായി മന്ത്രി പി രാജീവ്.

RNUTVPM

5. **സർക്കാരുമായി നടത്തിയ ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ തിങ്കളാഴ്ച്ച മുതൽ അനിശ്ചിതകാല സമരത്തിലേക്ക്.**
6. **ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാളിനെ നേരിടും.**

**********************************************************

**പ്രധാനമന്ത്രി എൻസിസി കേഡറ്റ്സ്**

റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി എൻസിസി, എൻഎസ്എസ്, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം കേഡറ്റുകൾ, ടാബ്ലോ കലാകാരന്മാർ, ഗോത്രവിഭാഗക്കാർ എന്നിവരുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.

ഭരണഘടനയുടെ 75-ാം വാർഷിക ആഘോഷവുമായി ബന്ധപ്പെട്ടുള്ള രണ്ട് നിശ്ചല ദൃശ്യങ്ങളും വിവിധ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ, മന്ത്രാലയങ്ങൾ വകുപ്പുകൾ എന്നിവ ഒരുക്കുന്ന 31 നിശ്ചല ദൃശ്യങ്ങളുമാണ് പരേഡിൽ അണിനിരക്കുന്നത്.

**********************************************************

**വയനാട് കടുവ INTRO**

വയനാട് പഞ്ചാരക്കൊല്ലിയിൽ കടുവാ ആക്രമണത്തിൽ ആദിവാസി സ്ത്രീ മരിച്ച സംഭവത്തിൽ കടുവയെ വെടിവച്ച് കൊല്ലുമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ. ഇതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് നൽകിയിട്ടുണ്ട്. കുടുംബത്തിന് അർഹമായ നഷ്ടപരിഹാരം നൽകുമെന്നും മന്ത്രി പറഞ്ഞു.

**(വോയിസ്............)**

അതേസമയം, ജില്ലയിലെ വനത്തോട് ചേർന്ന പ്രദേശങ്ങളിൽ ആവശ്യമായ ദ്രുതകർമ സേനയെ നിയോഗിക്കുമെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചു. കടുവയെ പിടിക്കാൻ കൂട് സ്ഥാപിച്ചിട്ടുണ്ട്. പഞ്ചാരക്കൊല്ലി തറാട്ട് ഉന്നതിയിലെ രാധയാണ്

RNUTVPM

ഇന്ന് രാവിലെ കൊല്ലപ്പെട്ടത്. പരിശോധനയ്ക്ക് പോയ തണ്ടർബോൾട്ട് അംഗങ്ങളാണ് മൃതദേഹം കണ്ടത്.

*******************************************************

**<u>വയനാട് - നിരോധനാജ്ഞ</u>**

കടുവയെ പിടികൂടുന്നതിന്റെ നടപടിക്രമങ്ങളുടെ ഭാഗമായി പഞ്ചാരക്കൊല്ലി പ്രദേശത്ത് നിരോധനാജ്ഞ പ്രഖ്യാപിച്ചു. നഗരസഭയിലെ പഞ്ചാരക്കൊല്ലി, പിലാക്കാവ്, ജെസി , ചിറക്കര ഡിവിഷനുകളിലാണ് സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് നിരോധനാജ്ഞ പ്രഖ്യാപിച്ചത്. നാളെ മാനന്തവാടി നഗരസഭ പരിധിയിൽ കോൺഗ്രസ് ഹർത്താലിന് ആഹ്വാനം ചെയ്തു. പ്രദേശത്ത് ജനങ്ങൾ പ്രതിഷേധം ശക്തമാക്കിയിട്ടുണ്ട്. വയനാട് എം.പി പ്രിയങ്ക ഗാന്ധി മരണത്തിൽ അനുശോചനം രേഖപ്പെടുത്തി.

*******************************************************

**<u>പ്രൾഹാദ് ജോഷി</u>**

പാർശ്വവത്കരിക്കപ്പെട്ടവർക്കും ദരിദ്ര വിഭാഗങ്ങൾക്കും ഭരണ ഘടന ഉറപ്പ് നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കുകയാണ് കേന്ദ്ര സർക്കാരിൻ്റെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി. ഭരണഘടന അഭിമാന ദിനം എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭരണഘടനയ്ക്കും ഭരണഘടനാ ശില്പിയായ ബി. ആർ അംബേദ്കറിനും അർഹതപ്പെട്ട ആദരം നൽകാൻ കേന്ദ്ര സർക്കാറിന് കഴിഞ്ഞതായി കേന്ദ്ര മന്ത്രി പറഞ്ഞു.

*******************************************************

**<u>പ്രൾഹാദ് ജോഷി - ജി.ആർ അനിൽ</u>**

കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പ്രൽഹാദ് ജോഷിയുമായി മന്ത്രി ജി.ആർ. അനിൽ കൂടിക്കാഴ്ച നടത്തി . സംസ്ഥാനത്തെ ഭക്ഷ്യ പൊതുവിതരണവുമായി ബന്ധപ്പെട്ട അടിയന്തര ആവശ്യങ്ങൾ അദ്ദേഹം കേന്ദ്ര മന്ത്രിയുടെ

RNUTVPM

ശ്രദ്ധയിൽപ്പെടുത്തി. രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി തിരുവനന്തപുരത്ത് എത്തിയതായിരുന്നു കേന്ദ്ര മന്ത്രി.

**********************************************************

**<u>കേന്ദ്രമന്ത്രി സുരേഷ് ഗോപി</u>**

രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീരസൈനികരുടെ ഓർമ്മയ്ക്കായി കോഴിക്കോട് പുത്തഞ്ചേരിയിൽ നിർമിച്ച യുദ്ധസ്മാരക മന്ദിരം കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി നാടിന് സമർപ്പിച്ചു. വരും തലമുറയ്ക്ക് പ്രചോദനമാണ് യുദ്ധസ്മാരക മന്ദിരങ്ങളെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. തുടർന്ന് എം ടി വാസുദേവൻ നായരുടെ വസതിയും മന്ത്രി സന്ദർശിച്ചു.

**********************************************************

**<u>റേഷൻ വ്യാപാരി- സമരം</u>**

സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ തിങ്കളാഴ്ച്ച മുതൽ അനിശ്ചിതകാല സമരത്തിലേക്ക്. സർക്കാരുമായി ഇന്ന് നടത്തിയ ചർച്ച പരാജയപ്പെട്ടതോടെയാണ് കടയടച്ചിട്ടുള്ള സമരവുമായി മുന്നോട്ട് പോകാൻ റേഷൻ വ്യാപാരികൾ തീരുമാനിച്ചത്. റേഷൻ വ്യാപാരികളുടെ മറ്റ് ആവശ്യങ്ങൾ പരിഗണിച്ചിട്ടുണ്ടെന്നും സാമ്പത്തിക പ്രതിസന്ധി മൂലം ശമ്പള പരിഷ്കരണം നടപ്പാക്കാനാകില്ലെന്നും ചർച്ചയിൽ സർക്കാർ സമരക്കാരെ അറിയിച്ചു.

RNU TVPM

**********************************************************

**<u>പി രാജീവ്</u>**

കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് സംസ്ഥാനത്ത് അൻപതിനായിരം കോടി രൂപയുടെ നിക്ഷേപമാണ് നടന്നതെന്ന് മന്ത്രി പി രാജീവ്. ദാവോസിലെ അന്താരാഷ്ട്ര സാമ്പത്തിക ഫോറത്തിൻറെ ഭാഗമായി നടന്ന അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ഏഴ് ലക്ഷത്തിലധികം തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടതായി അദ്ദേഹം അഭിപ്രായപ്പെട്ടു.

*****************************************************

**<u>അതിരപ്പിള്ളി-ആന</u>**

അതിരപ്പിള്ളിയിൽ മസ്തകത്തിൽ മുറിവേറ്റ നിലയിൽ കണ്ടെത്തിയ കാട്ടാനയ്ക്ക് മയക്കുവെടി വച്ച് ചികിത്സ നൽകി. മസ്തകത്തിലെ ആഴത്തിലുള്ള മുറിവിൽ നിന്ന് പഴുപ്പ് നീക്കം ചെയ്ത് മരുന്നും ആൻറിബയോട്ടിക്കുകളും നൽകി ആനയെ കാട്ടിലേക്ക് മോചിപ്പിച്ചു. ആനയ്ക്ക് തുടർ നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്.

*****************************************************

**<u>ബ്രേക്ക്........</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

*****************************************************

**<u>ദത്തെടുത്തൽ കേന്ദ്രം - വി അബ്ദു റഹിമാൻ</u>**

ശിശുക്ഷേമ സമിതിയുടെ ദത്തെടുക്കൽ കേന്ദ്രത്തിന് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുമെന്ന് മന്ത്രി വി. അബ്ദുറഹിമാൻ. സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള മലപ്പുറം ദത്തെടുക്കൽ കേന്ദ്രത്തിൻറെ പുതിയ കെട്ടിട പ്രവേശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശിശുക്കളെ ഉപേക്ഷിക്കുകയും അപകടപ്പെടുത്തുകയും ചെയ്യുന്ന അവസ്ഥയിൽ വലിയ മാറ്റമുണ്ടാക്കാൻ ദത്തെടുക്കൽ കേന്ദ്രങ്ങളുടെ പ്രവർത്തനം കൊണ്ട് സാധിച്ചുവെന്നും മന്ത്രി പറഞ്ഞു.

RNU TVPM

*****************************************************

**<u>കണ്ണൂർ കോടതി സമുച്ചയം - (ഇൻട്രോ)</u>**

തലശ്ശേരിയിലെ ജില്ലാ കോടതി സമുച്ചയം നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്ന പത്ത് കോടതികളുടെ പ്രവർത്തനോദ്ഘാടനം കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജാംദാറും നിർവഹിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ ......**
**(വോയിസ്........)**

**********************************************************

**<u>അപൂർവ രോഗം - വീണാ ജോർജ്</u>**

സംസ്ഥാനത്ത് അപൂർവ രോഗം ബാധിച്ചവരുടെ ഡേറ്റ രജിസ്ട്രി ഈ വർഷം യാഥാർത്ഥ്യമാകുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടന്ന അപൂർവ രോഗ ചികിത്സാ വിദഗ്ധരുടെ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കോഴിക്കോട്, ഈ വർഷം തന്നെ അപൂർവ രോഗ ചികിത്സാ ക്ലിനിക് ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

**********************************************************

**<u>പോലീസ് സ്റ്റേഷൻ</u>**

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്, മുഹമ്മ പൊലീസ് സ്റ്റേഷനുകൾക്ക് ISO അംഗീകാരം. ആധുനിക സൗകര്യങ്ങൾ, അത്യാധുനിക അടിസ്ഥാനസൗകര്യങ്ങൾ, പൊതുജന സൗഹൃദ അന്തരീക്ഷം എന്നിവയ്ക്കുള്ള അംഗീകാരമാണിത് . നേരത്തെ, തൃശൂർ പേരാമംഗലം പൊലീസ് സ്റ്റേഷൻ ഐ.എസ്.ഒ അംഗീകാരം നേടിയിരുന്നു.

RNU TVPM

**********************************************************

**<u>ഇടുക്കി-ബാങ്ക് തീപിടുത്തം</u>**

ഇടുക്കി മുട്ടത്ത് സർവീസ് സഹകരണ ബാങ്കിൽ തീപിടുത്തം. പഴയ റെക്കോർഡുകൾ സൂക്ഷിക്കുന്ന മുറിയിലാണ് തീപിടിച്ചത്. പഴയ രേഖകൾ മാത്രമാണ് കത്തിയതെന്നും ബാങ്കിൻറെ നിലവിലെ പ്രവർത്തനത്തെ ബാധിക്കില്ലെന്നും ബാങ്ക് അധികൃതർ പറഞ്ഞു. തൊടുപുഴയിൽ നിന്ന് ഫയർ ഫോഴ്സ് എത്തിയാണ് തീയണച്ചത്. ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം.

***********************************************************

**<u>മലബാർ -മുഖ്യമന്ത്രി</u>**

തലശ്ശേരി മലബാർ കാൻസർ സെൻറർ പി ജി ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച ട്രീറ്റ്മെൻറ് ആൻറ് അക്കാദമിക് ബ്ലോക്ക് നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.

***********************************************************

**<u>ഐ.എസ്.എൽ</u>**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകുന്നേരം 7.30-ന് കൊൽക്കത്തയിലാണ് മത്സരം.

***********************************************************

**<u>മന്ത്രി ജെ ചിഞ്ചുറാണി</u>**

കേന്ദ്ര സർക്കാരുമായി ചേർന്ന് സമഗ്ര ഇൻഷുറൻസ് പദ്ധതിയിലൂടെ രണ്ടര വർഷത്തിനകം കേരളത്തിലെ മുഴുവൻ കർഷകരുടെയും പശുക്കൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി. കോഴിക്കോട് ജില്ലാ. ക്ഷീര സംഗമം ഉദ്ഘാടനം നിർവഹികുകയായിരുന്നു മന്ത്രി. പശുക്കൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ എട്ട് കോടി രൂപയുടെ ക്ഷീരകർഷക ഇൻഷുറൻസ് പദ്ധതി മൃഗസംരക്ഷണ വകുപ്പിൻറെ നേതൃത്വത്തിൽ നടപ്പാക്കും.

RNU TVPM

***********************************************************

**<u>വയോമിത്രം - ആർ ബിന്ദു</u>**

വയോജന ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയിൽ 11 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി ആർ ബിന്ദു . 65 വയസ്സിന് മുകളിൽ പ്രായമുള്ള നഗര പ്രദേശവാസികളായ വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ

സൗജന്യചികിത്സ, സൗജന്യ മരുന്ന്, തുടങ്ങിയവ നൽകുന്ന പദ്ധതിയാണ് വയോമിത്രം.

***************************************************

## ക്രിക്കറ്റ്

രഞ്ജി ട്രോഫി ക്രിക്കറ്റ് ഗ്രൂപ്പ് മത്സരത്തിൽ കേരളത്തിനെതിരെ മധ്യപ്രദേശിന് 133 റൺസിൻറെ രണ്ടാം ഇന്നിങ്സ് ലീഡ്. ഒടുവിൽ വിവരം ലഭിക്കുമ്പോൾ മധ്യപ്രദേശ് രണ്ടാം ഇന്നിങ്സിൽ 2 വിക്കറ്റ് നഷ്ടത്തിൽ 140 റൺസ് എന്ന നിലയിലാണ്. നേരത്തെ കേരളത്തിൻറെ ഒന്നാം ഇന്നിങ്സ് 167 റൺസിന് അവസാനിച്ചിരുന്നു. തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.

***************************************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരിവിപണികൾ നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു . ബോംബെ ഓഹരിസൂചിക സെൻസെക്സ് 330 പോയിൻറ് താഴ്ന്ന് 76,190- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 113 പോയിൻറ് കുറഞ്ഞ് 23,092-ലും വ്യാപാരം അവസാനിപ്പിച്ചു., സ്വർണവില കൂടി. പവന് 240 രൂപ വർധിച്ച് 60,440 രൂപയും ഗ്രാമിന് 7,555 രൂപയുമാണ് ഇന്നത്തെ വില.

*********************************

***************************************************

***************************************************

RNI TVPM